**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1190** | **10-08-2023 - ൽ മറുപടിയ്ക്ക്**

**മൽസ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ സമാശ്വാസ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈസർക്കാർഅധികാരത്തിൽവന്നതിനുശേഷം മൽസ്യത്തൊഴിലാളികൾക്ക് സമ്പാദ്യ സമാശ്വാസ പദ്ധതി ക്കായി ഓരോ ബജറ്റിലും എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും എത്ര തുക അനുവദിച്ച നൽകിയിട്ടുണ്ടെന്നും നാളിതുവരെ ഏതൊക്കെ ഇനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ? | (എ) | 2021-22 സാമ്പത്തിക വർഷത്തെ സമ്പാദ്യ സമാശ്വാസ പദ്ധതിക്ക് 2405-00-121-99 (P) ശീർഷകത്തിൽ 20 കോടി രൂപ വകയിരുത്തിയിരുന്നു. 179316 ഗുണഭോക്താക്കൾ പദ്ധതിയുടെ ഭാഗമായിരുന്നു. ഇവരിൽ നിന്നും 25,51,35,000/- രൂപ ഗുണഭോക്തൃ വിഹിതമായി ശേഖരിച്ചിരുന്നു. സംസ്ഥാന വിഹിതം വിതരണം ചെയ്യുന്നതിന് 5,51,40,000/- രൂപ അധിക ധനാഭ്യർത്ഥന മുഖേന ലഭ്യമായി. കേന്ദ്ര സർക്കാർ വിഹിതവും ലഭ്യമായി. ഗുണഭോക്തൃ വിഹിതം, കേന്ദ്ര - സംസ്ഥാന സർക്കാർ വിഹിതങ്ങൾ എന്നിവ യഥാസമയം വിതരണം ചെയ്തിട്ടുണ്ട്.<br><br>2022-23 സാമ്പത്തിക വർഷത്തെ സമ്പാദ്യ സമാശ്വാസ പദ്ധതിക്ക് 2405-00-121-93 (P) ശീർഷകത്തിൽ 35 കോടി രൂപ വകയിരുത്തിയിരുന്നു. 183541 ഗുണഭോക്താക്കൾ പദ്ധതിയുടെ ഭാഗമായിരുന്നു. ഇവരിൽ നിന്നും 26,36,25,000/- രൂപ ഗുണഭോക്തൃ വിഹിതമായി ശേഖരിച്ചിരുന്നു. സംസ്ഥാന വിഹിതം വിതരണം ചെയ്യുന്നതിന് 36,25,000/- രൂപ അധിക ധനാഭ്യർത്ഥന മുഖേന ലഭ്യമായി. കേന്ദ്ര വിഹിതം വിതരണം ചെയ്യുന്നതിന് ആവശ്യമായ തുകയും കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമായി. ഗുണഭോക്തൃ വിഹിതം കേന്ദ്ര സംസ്ഥാന സർക്കാർ വിഹിതങ്ങൾ എന്നിവ യഥാസമയം വിതരണം ചെയ്തിട്ടുണ്ട്.<br><br>2023-24 സാമ്പത്തിക വർഷത്തെ സമ്പാദ്യ സമാശ്വാസ പദ്ധതിക്ക് 2405-00-121-91 (P) എന്ന ശീർഷകത്തിൽ 54 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 158002 ഗുണഭോക്താക്കൾ പദ്ധതിയുടെ ഭാഗമായി. ഇവരിൽ നിന്നും 21,54,70,000/- രൂപ ഗുണഭോക്തൃ വിഹിതമായി ശേഖരിച്ചിരുന്നു. ഗുണഭോക്തൃ വിഹിതം വിതരണം ചെയ്തിട്ടുണ്ട്. കേന്ദ്ര - സംസ്ഥാന സർക്കാർ |

| | | | |
|---|---|---|---|
| | | | വിഹിതങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ